കേരള സർക്കാർ

പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്

നം: 12868/ജി3/14/പൊ.വി.വ. തിരുവനന്തപുരം,
തീയതി. 3/3/2014.

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് നടപ്പിലാക്കുന്ന ഊർജ്ജ സംരക്ഷണ പരിപാടി 'ലാഭപ്രഭ' - സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം - സംബന്ധിച്ച്.

സൂചന: വൈദ്യുതി ബോർഡ് ചെയർമാന്റെ 25/2/2014 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത് നം. പി.ആർ/എം.സി-2/ഇ.സി.കാമ്പയിൻ/2014

വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗം പരമാവധി കുറക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് "ലാഭപ്രഭ-2" എന്ന പ്രചരണ പരിപാടി നടപ്പിലാക്കുന്നതായും ടി പരിപാടിയിൽ സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കണമെന്നും വൈദ്യുതിബോർഡ് ചെയർമാൻ സൂചന കത്ത് മുഖാന്തിരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ സ്കൂൾ തലത്തിൽ നടപ്പിലാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

1) വിദ്യാർത്ഥികൾക്കിടയിൽ ലാഭപ്രഭ പദ്ധതിയെ പരിചയപ്പെടുത്താൻ ഒരു അദ്ധ്യാപക കോ-ഓർഡിനേറ്ററുടെ സന്നദ്ധസേവനം.
2) സ്കൂളിലെ എല്ലാ വിദ്യാർത്ഥികളേയും പദ്ധതിയിൽ ചേർക്കാനായി കോ-ഓർഡിനേറ്റർക്ക് നിർദ്ദേശം നൽകുക.
3) എല്ലാ വിദ്യാർത്ഥികളും അവരുടെ രക്ഷിതാക്കളെ എസ്.എം.എസ്. അയപ്പിച്ച് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുക.
4) അവധിക്കാലത്ത് സ്വന്തം വീട്ടിലെ വൈദ്യുതി ഉപഭോഗം പരമാവധി കുറക്കാൻ വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക.
5) ഇപ്പോൾ ഏറ്റവും ഒടുവിൽ ലഭിച്ച (ഫെബ്രുവരി-മാർച്ച്) വൈദ്യുതി ബില്ലിന്റെ കോപ്പി കോ-ഓർഡിനേറ്റർ ശേഖരിക്കുക.
6) രജിസ്റ്റർ ചെയ്തവരുടെ ബിൽ, മൊബൈൽ വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് വയ്ക്കുക. ഇതിന് IT @ School-ന്റെ സേവനം ലഭ്യമാക്കേണ്ടതുണ്ട്.
7) ഊർജ്ജസംരക്ഷണം സംബന്ധിച്ച് ലാഭപ്രഭയുടെ ഭാഗമായി മാധ്യമങ്ങളിൽ വരുന്ന സന്ദേശങ്ങൾ സശ്രദ്ധം വീക്ഷിക്കാനും നിർദ്ദേശങ്ങൾ പാലിക്കാനും വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക.

ലാഭപ്രഭയിൽ ചേരാൻ എസ്.എം.എസ്. അയക്കേണ്ടത് 7559911808 എന്ന നമ്പരിലേക്കാണ്.

ഫോർമാറ്റ്: kseb<space>section code<space>Consumer Number.

(ഒരുമ നെറ്റ് സംവിധാനത്തിനു കീഴിൽ വരുന്ന ഉപഭോക്താക്കൾ 'kseb<space>പതിമൂന്നക്ക കൺസ്യൂമർ നമ്പർ' എന്ന ഫോർമാറ്റിലാണ് മെസ്സേജ് അയക്കേണ്ടത്.)

സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും മഹത്തായ ഈ പദ്ധതിയിൽ പങ്കെടുപ്പിച്ച് അവരിൽ ഊർജ്ജസംരക്ഷണശീലം ഒരു ദിനചര്യയാക്കി വളർത്തിയെടുക്കുന്നതിന് ലാഭപ്രഭയുമായി സഹകരിക്കാൻ സ്കൂൾ അധികാരികൾ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

**എ. ഷാജഹാൻ**
**സ്പെഷ്യൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

(signature)

**സെക്ഷൻ ഓഫീസർ**

Endt. No. Acd/0334/14/HSE Dated 17/3/14

The Principals of all higher secondary schools and district co-ordinators are directed to take further necessary steps in this regard.

(signature) 17/3/14
Joint Director
(Academic)

To,
1. The Principals of all HSSs
2. The District Co-ordinators
3. The RDDs concerned (for information)